**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 358** **18-03-2025 - ൽ മറുപടിയ്ക്ക്**

**വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ പ്രവർത്തന പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ,<br>ശ്രീ വി ജോയി,<br>ശ്രീ. കെ. ആൻസലൻ,<br>ശ്രീ സി കെ ഹരീന്ദ്രൻ** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** | |
| (എ) | വാണിജ്യാടിസ്ഥാനത്തിൽ പുനഃസംഘടിപ്പിച്ച ശേഷമുള്ള വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ പ്രതിവർഷം 1 മില്യൺ TEU സ്ഥാപിത ശേഷിയുള്ള ഒന്നാം ഘട്ടം 2024 ഡിസംബർ 3 ന് പ്രവർത്തനക്ഷമമായതിനു ശേഷമുള്ള പ്രവർത്തന പുരോഗതി വിലയിരുത്തുന്നുണ്ട്. ഡിസംബർ, ജനുവരി, ഫെബ്രുവരി മാസങ്ങളിലായി 118 കപ്പലുകൾ തുറമുഖത്തിലെത്തുകയും 2,31,806 TEU കണ്ടെയ്നറുകൾ കൈകാര്യം ചെയ്യപ്പെടുകയുമുണ്ടായി. ഇതിലൂടെ 105.72 കോടി രൂപ തുറമുഖ വരുമാനമായി കൺസഷണയർക്കും നികുതിയിനത്തിൽ 19 കോടി രൂപ സർക്കാരിനും ലഭിച്ചു. |
| (ബി) | വിഴിഞ്ഞം തുറമുഖത്ത് ആകെ കൈകാര്യം ചെയ്ത ചരക്ക് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ; | (ബി) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ പ്രതിവർഷം **1** മില്യൺ **TEU** സ്ഥാപിത ശേഷിയുള്ള ഒന്നാം ഘട്ടം **2024** ഡിസംബർ **3** ന് പ്രവർത്തനക്ഷമമായിട്ടുണ്ട്. **2024** ജൂലൈ **11-**ാം തീയതി ട്രയൽ അടിസ്ഥാനത്തിൽ കപ്പലുകൾ തുറമുഖത്ത് അടുത്തു തുടങ്ങിയതിനു ശേഷം നാളിതുവരെ തുറമുഖത്തിന്റെ പ്രവർത്തനം വിജയകരമായി പുരോഗമിക്കുകയാണ്. ഫെബ്രുവരി മാസം **28-** ാം തീയതി വരെ **189** കപ്പലുകൾ തുറമുഖത്തിലെത്തുകയും **3,79,624 TEU** കണ്ടെയ്നറുകൾ കൈകാര്യം ചെയ്യപ്പെടുകയുമുണ്ടായി. ഇതിലൂടെ **200** കോടി രൂപ തുറമുഖ വരുമാനമായി കൺസഷണയർക്കും നികുതിയിനത്തിൽ **36** കോടി രൂപ സർക്കാരിനും ലഭിച്ചു . |
| (സി) | ട്രയൽ റൺ ആരംഭിച്ച ശേഷവും വാണിജ്യാടിസ്ഥാനത്തിൽ പ്രവർത്തനം ആരംഭിച്ച ശേഷവും തുറമുഖത്തിന്റെ ഉൽപ്പാദനക്ഷമത ഉയർത്തുന്നതിന് കഴിഞ്ഞിട്ടുണ്ടോയെന്ന് വിശദമാക്കാമോ; | (സി) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ പ്രതിമാസ സ്ഥാപിത ശേഷി 83,033 TEU കണ്ടെയ്നറുകളാണ്. ട്രയൽ റൺ ആരംഭിച്ച ശേഷവും വാണിജ്യാടിസ്ഥാനത്തിൽ പ്രവർത്തനം ആരംഭിച്ച ശേഷവും തുറമുഖത്തിന്റെ ഉൽപ്പാദനക്ഷമത വർദ്ധിച്ചു വരുന്നുണ്ട്. 2024 ഡിസംബർ 3 ന് തുറമുഖത്തിന്റെ |

| | | | |
|---|---|---|---|
| | | | ഒന്നാം ഘട്ടം പ്രവർത്തനക്ഷമമായത് മുതൽ ഡിസംബർ മാസത്തിൽ 67,338 TEU കണ്ടെയ്നറുകൾ, ജനുവരി മാസത്തിൽ 85,635 TEU കണ്ടെയ്നറുകൾ, ഫെബ്രുവരി മാസത്തിൽ 78,833 TEU കണ്ടെയ്നറുകൾ എന്നിങ്ങനെയാണ് കൈകാര്യം ചെയ്തത്. ഇത് യഥാക്രമം തുറമുഖത്തിന്റെ നിലവിലെ ശേഷിയുടെ 81%, 103%, 95% മാണ്. തുറമുഖത്തിന്റെ ഉൽപ്പാദനക്ഷമത ക്രമമായി വർദ്ധിച്ചു വരുന്നതാണ് ഇത് വ്യക്തമാക്കുന്നത്. |
| (ഡി) | കൈകാര്യം ചെയ്ത കണ്ടെയ്നറുകളുടെ എണ്ണത്തിൽ തെക്ക്-കിഴക്ക് മേഖലകളിൽ ഒന്നാമതെത്തുവാൻ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന് കഴിഞ്ഞിട്ടുണ്ടോ; വിശദീകരിക്കുമോ? | (ഡി) | കൈകാര്യം ചെയ്ത കണ്ടെയ്നറുകളുടെ എണ്ണത്തിൽ തെക്ക്-കിഴക്ക് മേഖലകളിലെ 15 തുറമുഖങ്ങളിൽ നിന്നും ഒന്നാമതെത്തുവാൻ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന് കഴിഞ്ഞിട്ടുണ്ട്. ഫെബ്രുവരി മാസത്തിൽ വിഴിഞ്ഞം തുറമുഖത്തിൽ കൈകാര്യം ചെയ്തത് 78,833 TEU കണ്ടെയ്നറുകളാണ്. തെക്ക്-കിഴക്ക് മേഖലകളിലെ മറ്റ് തുറമുഖങ്ങൾ കൈകാര്യം ചെയ്തതിനെക്കാൾ വളരെ കൂടുതലാണിത്. |

സെക്ഷൻ ഓഫീസർ